## പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ഉത്തരവ്

## സാന്നിദ്ധ്യം:കെ.വി മോഹൻകുമാർ ഐ.എ.എസ്

വിഷയം: പൊതു.വിദ്യാ. - ജീവനം – ബഹുമാനപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 07.06.2017 ലെ എം.എ (ഇ.കെ.എം)822/2017 ഇൻ ഒ.എ (ഇ.കെ.എം)748/2017 നമ്പർ ഉത്തരവ് നടപ്പാക്കുന്നത്- സംബന്ധിച്ച്.

വായന:- 1) ഈ ഓഫീസിലെ 29.05.2017 ലെ ഡി5/6000/2017/ഡി.പി.ഐ നമ്പർ ഉത്തരവ്

2) ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 07.06.2017 ലെ എം.എ (ഇ.കെ.എം)822/2017 ഇൻ ഒ.എ (ഇ.കെ.എം)748/2017 നമ്പർ ഉത്തരവ്

3) ഈ ഓഫീസിലെ 20.03.2017 ലെ ഡി6/75701/2017/ഡി.പി.ഐ നമ്പർ വിജ്ഞാപനം

**ഉത്തരവ് നമ്പർ ഡി5/42368/2017/ഡി.പി.ഐ, തീയതി 22/06/2017**

പൊതുവിദ്യാഭ്യാസ വകുപ്പിലെ 1991-96 വർഷത്തെ ഹൈസ്കൂൾ അസിസ്റ്റന്റ്മാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുകയും വായന (3) പ്രകാരമുള്ള വകുപ്പ്തല സ്ഥാനക്കയറ്റ കമ്മിറ്റി (ലോവർ) അംഗീകരിച്ച സെലക്ട് ലിസ്റ്റിലും ഉൾപ്പെട്ട ശ്രീമതി പി.ഗീതയെ സ്ഥാനക്കയറ്റം നൽകി ഹെഡ്മിസ്ട്രസ്സായി ജി.എച്ച്.എസ് പൊയ്ക, എറണാകുളത്ത് വായന (1) പ്രകാരം നിയമിച്ചിരുന്നു. ഇതിനെതിരെ ശ്രീമതി പി.ഗീത ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിച്ചിരുന്നു. ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വായന (2) പ്രകാരമുള്ള ഉത്തരവ് അനുസരിച്ച് ഈ ഓഫീസിൽ നിന്നും പുറപ്പെടുവിച്ച വായന (1) പ്രകാരമുള്ള ഉത്തരവ് പരിഷ്കരിച്ച് നിലവിൽ ഒഴിവുള്ള കോഴിക്കോട് സിറ്റി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കോഴിക്കോട് റൂറൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ജി.വി.എച്ച്.എസ്.എസ് നെല്ലിക്കുഴി മലപ്പുറം ഹെഡ്മിസ്ട്രസ്സ് എന്നിവയിൽ ഏതെങ്കിലും ഒന്നിൽ ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ തസ്തികയിൽ നിയമനം നൽകണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ ഗവൺമെന്റ് എച്ച്.എസ്.എസ് കൊട്ടോടിയിലെ എച്ച്.എസ്.എസ്.റ്റി ആയ ശ്രീമതി പി.ഗീതയെ സ്ഥാനക്കയറ്റം നൽകിയ വായന (1) പ്രകാരമുള്ള ഉത്തരവ് പരിഷ്കരിച്ച് കോഴിക്കോട് റൂറൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറായി 39500-83000 ശമ്പള നിരക്കിൽ 1958 ലെ കെ.എസ്&എസ്.എസ്.ആർ ഭാഗം 2 ചട്ടം 31 (എ) (1) പ്രകാരം ഉടൻ പ്രാബല്യത്തിൽ നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

**പൊതുവിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകരെ സംബന്ധിച്ച സ്പെഷ്യൽ റൂളിൽ താഴെപ്പറയുന്ന യോഗ്യതകളാണ് എച്ച്.എസ്.എ മാരിൽ നിന്നും ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന് ആവശ്യമായി വേണ്ടത്.**

1. **അംഗീകൃത സർവ്വകലാശാലയുടെ ബിരുദം**
2. **അംഗീകൃത സർവ്വകലാശാലയുടെ ബി.എഡ്/ബി.റ്റി/എൽ.റ്റി**

3. **അക്കൗണ്ട് ടെസ്റ്റ് ലോവർ&കെ.ഇ.ആർ ടെസ്റ്റ്**
4. **12 വർഷത്തെ തുടർച്ചയായ എച്ച്.എസ്.എ ഗ്രേഡ് സർവ്വീസ്**

**സ്ഥാനക്കയറ്റം ലഭിച്ച ശ്രീമതി പി.ഗീതക്ക് മുകളിൽ പ്രസ്താവിച്ച യോഗ്യതകൾ ഉണ്ടോയെന്ന് സേവനപുസ്തകം പരിശോധിച്ച ശേഷം മാത്രമേ സ്ഥാനക്കയറ്റം ലഭിച്ച ലാവണത്തിലേക്ക് വിടുതൽ ചെയ്യാവു എന്ന് പ്രിൻസിപ്പാൾ ജി.എച്ച്.എസ്.എസ് കൊട്ടോടിക്ക് കർശനമായ നിർദ്ദേശം നൽകുന്നു. ടി അദ്ധ്യാപിക ഹയർസെക്കൻഡറി വിഭാഗത്തിൽപ്പെട്ട അദ്ധ്യാപികയായതിനാൽ ഹയർസെക്കൻഡറി ഡിപ്പാർട്ട്മെന്റിന്റെ അനുമതിയോടുകൂടി മാത്രമേ സ്ഥാനക്കയറ്റ ലാവണത്തിലേക്ക് വിടുതൽ ചെയ്യാവു എന്ന് നിർദ്ദേശിക്കുന്നു.**

പുതിയ ലാവണങ്ങളിൽ പദവി ഏറ്റെടുത്ത ശേഷം ആയത് മേലാപ്പീസിൽ രേഖാ മൂലം അറിയിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

സർക്കാർ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/റ്റി.റ്റി.ഐ പ്രിൻസിപ്പൾ സമാന തസ്തികകളിലേക്ക് നടത്തിയിരിക്കുന്ന ഈ സ്ഥാനക്കയറ്റം 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ഭാഗം-2, റൂൾ-31 എ (1) പ്രകാരം പൂർണ്ണമായും താൽകാലികമാണ്. ടി സ്ഥാനക്കയറ്റം സംബന്ധിച്ച് എന്തെങ്കിലും ക്രമക്കേടുകൾ ബോദ്ധ്യപ്പെട്ടാൽ ആയത് പുന:പരിശോധനക്ക് വിധേയമാക്കുന്നതായിരിക്കും.

ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വായന (2) പ്രകാരമുള്ള ഉത്തരവ് ഇത്തരത്തിൽ നടപ്പാക്കുന്നു.

(പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിൻ പ്രകാരം)

ഒപ്പ്/-
ഡി.സന്തോഷ്കുമാർ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

**സ്വീകർത്താവ്**

1. അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ഉപരിപത്രം സഹിതം)
2. ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ, കോഴിക്കോട് റൂറൽ
3. വിദ്യാഭ്യാസ ഉപഡയറക്ടർ, കോഴിക്കോട്, എറണാകുളം
4. കരുതൽ ഫയൽ
5. ശ്രീമതി പി.ഗീത എച്ച്.എസ്.എസ്.റ്റി
   ജി.എച്ച്.എസ്.എസ് കൊട്ടോടി